(ബി) സംസ്ഥാനത്തെ 9 (കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം) ജില്ലകളിലെ അന്തിമ ലിസ്റ്റ് പ്രസ്തുത വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ 4 (കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം) ജില്ലകളിലെ അന്തിമ ലിസ്റ്റും പ്രസിദ്ധീകരണത്തിനായി കേന്ദ്ര സർക്കാരിന് കൈമാറാൻ തയ്യാറായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പരാതികളുടെ അപ്‌ലോഡിംഗ് ഇനിയും പൂർത്തിയായിട്ടില്ല. പരാതികളുടെ തീർപ്പ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറിൽ വന്ന സാങ്കേതിക തടസ്സമാണ് അപ്‌ലോഡിംഗ് വൈകാനിടയാക്കിയത്.

## ദേശീയ സാമ്പത്തിക സർവ്വേ

**39 (T4074)** <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ സാമ്പത്തിക സർവ്വേ പ്രകാരം വിവിധ മാനവ വികസന സൂചകങ്ങളിൽ കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

2011 UNDP India report പ്രകാരം മാനവ വികസന സൂചകത്തിൽ കേരളത്തിന്റെ സ്ഥാനം ഇന്ത്യയിൽ ഒന്നാമതാണ്. (മാനവ വികസന സൂചക =0.625). UNDP India report പ്രകാരം മാനവ വികസന സൂചകത്തിൽ ആഗോള റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം 119 ആണ് (മാനവ വികസന സൂചകം =0.519). ഈ റിപ്പോർട്ടിൽ കേരളത്തിന്റെ സ്ഥാനം 99 ആണ്. (ഇത് ഫിലിപ്പൈൻസിനും റിപ്പബ്ലിക് ഓഫ് മോൾഡോവാ എന്നീ രാജ്യങ്ങൾക്കും ഇടയിലാണ്.

## വിവിധ പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

**40 (T4075)** <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ, നോൺപ്ലാൻ, സംസ്ഥാനാവിഷ്കൃതം എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണെന്നു വ്യക്തമാക്കാമോ ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly